തീവ്രഹിന്ദുത്വ നിലപാടുകൾ സ്വീകരിച്ചിരിക്കുന്ന ചില സംഘടനകൾ പശുസംരക്ഷകരായി അവതരിച്ചിരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിലേക്കുള്ള മാർഗ്ഗം പശുവിലൂടെയാകണമെന്ന് ഉദ്ഘോഷിക്കുന്ന ഇവർ കേരളത്തിലെ ചില പ്രമുഖ പരിസ്ഥിതി പ്രവർത്തരോടൊപ്പം ചേർന്ന് വിശ്വമംഗളഗോഗ്രാമ യാത്ര എന്ന പേരിൽ പശുക്കളേയും അതിലൂടെയും പരിസ്ഥിതിയേയും അതിലൂടെ ഗ്രാമങ്ങളേയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. നരഹത്യയ്ക്ക് കൂട്ടുനിൽക്കുകയും ഫ്യൂഡൽ ഹൈന്ദവബിംബങ്ങളെ സംരക്ഷിക്കുന്നതിനുമായി കുറുവടി എടുക്കുകയും ചെയ്യുന്നതുപോലുള്ള ഫാസിസത്തിന്റെ സർവ്വരുപങ്ങളേയും പ്രതിരോധിക്കുന്നതുകൂടിയാണ് പരിസ്ഥിതി സംരക്ഷണമെന്ന് എന്നാണ് ഇവർ തിരിച്ചറിയുന്നത് ?

# വിശ്വ(അ)മംഗള ഗ്വാഗ്വാ യാത്ര

എൻ.പി. ജോൺസൺ

'വിശ്വ മംഗള ഗോഗ്രാമയാത്ര' എന്ന സുന്ദരൻ പേരായിരുന്നു യാത്രാപരിപാടിക്ക് നൽകപ്പെട്ടത്. ഇന്ത്യയിലെ ജനങ്ങൾ തങ്ങൾ ഒരിക്കലും നേരിൽ കണ്ടിട്ടില്ലാത്ത ദൈവങ്ങളിലും അമാനുഷിക ശക്തികളെക്കുറിച്ചുള്ള കെട്ടുകഥകളിലും ദൈവങ്ങളുടെ വാസസ്ഥലങ്ങൾ എന്നപേരിൽ മനുഷ്യർ തന്നെ കെട്ടിയെടുത്ത ആരാധനാമന്ദിരങ്ങളിലും വിശ്വാസമുള്ളവരായി തുടരുന്ന കാലത്തോളം 'പശു'വിനെ ഒരു യുദ്ധ പ്രതീകമാക്കി നിലനിർത്താം എന്നുറപ്പാക്കിക്കൊണ്ടാണ് യാത്ര സംഘടിപ്പിക്കപ്പെട്ടത്. ആട്ടിറച്ചിയും കോഴിയിറച്ചിയും പോത്തിറച്ചിയും മൂക്ക് മുട്ടെ തിന്നുന്നതിൽ വിഷമമില്ലാത്ത ശ്രേഷ്ഠ ഹിന്ദുക്കൾ ഒരു വശത്തും പശുതീറ്റക്കാരും ആയതിനാൽ തന്നെ മ്ലേച്ഛന്മാരുമായ ആർഷഭാരത വിരുദ്ധർ മറുവശത്തും അണിനിരന്നാൽ സംഘർഷത്തിന് പഞ്ഞമുണ്ടാകില്ലെന്ന് സ്വയം സേവക ചങ്ങാതിമാർക്ക് നന്നായി അറിയാം. അവിശ്വാസികൾക്കുമേൽ അല്ലാഹുവിന്റെ നീതി നടപ്പാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന താലിബാൻ പ്രസ്ഥാനക്കാരും ഭാരതീയർക്ക് സ്വർഗ്ഗരാജ്യം കിട്ടാതെ പോകരുതെന്നാഗ്രഹിക്കുന്ന മിഷണറിയച്ചന്മാരും ഇക്കാര്യത്തിൽ നല്ല സംഭാവനകൾ തന്നെ അർപ്പിക്കുന്നുണ്ട്.

അഞ്ചും ആറും പ്രസവം കഴിഞ്ഞ് ആർക്കും വേണ്ടാതെ എല്ലും തോലുമായി തീരുന്ന പശു ദൈവങ്ങളെ നെറ്റിയിൽ ഒരു തിലകക്കുറി പൂശി തെരുവിലേക്കിറക്കിവിട്ടാൽ സർവ്വൈശ്വര്യം! വിശ്വമംഗളം! ചാണകഭരിതം! ഇത് തികച്ചും ഭ്രാന്താണെന്ന് പറഞ്ഞാൽ വാളും ശൂലവുമായി മുക്രയിട്ട് സംഘപരിവാര കൂറ്റന്മാർ നിങ്ങളെ നേരിടാനെത്തും. പശുപൂജയുടെ മേന്മ വിളമ്പാൻ ചാനൽ ദൈവങ്ങൾ മത്സരിച്ചിറങ്ങും. സുനാമി വരുന്നത് കണ്ട് പേടിച്ച് വള്ളിക്കാവിലെ ബഹുനില ധ്യാനമന്ദിരത്തിന്റെ മുകളിലേക്ക് ഓടിക്കയറിയ ലോകത്തിന്റെ മുഴുവൻ അമ്മയായ സാക്ഷാൽ അമൃതാനന്ദമയിയും (സുധചേച്ചി) രംഗത്തെത്തിയിരുന്നു - പശുപൂജയെ പ്രകീർത്തിക്കുന്ന പ്രസ്താവനകളുമായി. ഉത്തരേന്ത്യയിൽ ഒരുപാടാളുകൾ പാലിനുവേണ്ടി ആശ്രയിക്കുന്ന, ഒരുപാടിടങ്ങളിൽ ദൈവമായിത്തന്നെ ആരാധിക്കപ്പെടുന്ന പാവം എരുമയ്ക്കുവേണ്ടി പക്ഷെ, ഒരാചര്യനും പ്രഭാഷണ പരമ്പരകൾ സംഘടിപ്പിച്ചു കണ്ടില്ല.

വിശ്വമംഗള ഗ്വാഗ്വായാത്രയുടെ അമരക്കാരും അണിയറ പ്രവർത്തകരുമായി ഒട്ടനവധി പരിസ്ഥിതി - സാസംകാരിക നായകരും അവതാരമഹത്വമണിഞ്ഞു എന്നാണ് ഒടുവിലത്തെ വാർത്ത. മുമ്പൊരിക്കൽ പുഴകളെ വന്ദിച്ചുകൊണ്ട് നടത്തിയ കലാപരിപാടികൾക്കിടയിലും ഹിന്ദു വർഗീയതയെ പച്ചപുതപ്പിച്ച് നടക്കുന്ന ഈ കപടപരിസ്ഥിതി വാദികൾ രംഗത്തെത്തിയിരുന്നു. പുഴ സംരക്ഷണമെന്നാൽ പശു സംരക്ഷണം കൂടിയാണല്ലോ?

സംഘാടക കമ്മിറ്റിയിലും സ്വീകരണ കമ്മിറ്റിയിലുമൊക്കെ കയറിപ്പറ്റാൻ തിക്കിത്തിരക്കി നിന്നവരിൽ ഹിന്ദു ഗാന്ധിയന്മാരും ഹിന്ദു മനുഷ്യാവകാശികളും ഹിന്ദുപരിസ്ഥിതി പ്രേമികളും ധാരാളമായുണ്ടായിരുന്നു. പ്ലാച്ചിമടമുതൽ ചെങ്ങറ വരെയും സൈലന്റ് വാലി മുതൽ വളന്തക്കാട് വരെയും വിമോചിപ്പിച്ചതിനുശേഷമാണല്ലോ ഗോമാതാവിലൂടെ പ്രകൃതിയെയും മനുഷ്യനെയും രക്ഷി

ച്ചെടുക്കാനുള്ള ഈ വിശ്വമോചന യജ്ഞം!

അടുത്തയിടെ നാഗ്പൂരിൽ നിന്നും ഇറങ്ങിയ സർക്കുലർ പ്രകാരം എല്ലാ പശുവും പശുവല്ലെന്ന ഭയങ്കര സത്യം കൂടി വെളിപ്പെട്ടിട്ടുണ്ട്. പുഞ്ഞ പൊന്തിനിൽക്കുന്ന തനി നാടൻ ഐറ്റങ്ങളെ മാത്രമേ ഇനി പശുഗണത്തിൽ പെടുത്താൻ നിർവ്വാഹമുള്ളൂ. പൂഞ്ഞയിൽ നിന്നും പുറപ്പെടുവിക്കപ്പെടുന്ന ബ്രഹ്മാണ്ഡ രശ്മികൾ (കോസ്മിക് കിരണങ്ങൾ) ആണ് ഒറിജിനൽ ഹിന്ദുപശുവിന്റെ ബ്രൻഡ് അടയാളം. കുളമ്പു ദീനവും ആന്ത്രാക്സും അവറ്റകളെ കണ്ടാൽ ഓടിയൊളിക്കും. അവയുടെ ചാണകവും മൂത്രവും ഉപയോഗിച്ച് നടത്തുന്ന ചിലവില്ലാ കൃഷി (സീറോ ബജറ്റ് ഫാമിംഗ്) പ്രചരിപ്പിച്ചുകൊണ്ട് കൂടുതൽ പശു വർഗീയവാദികളെ സൃഷ്ടിച്ചെടുക്കാനും ശ്രമമുണ്ട്.

ലൗ ജിഹാദിന്റെ ഹൈടെക് പതിപ്പായ കൃത്രിമ ബീജാധാനം മുഖേന നമ്മുടെ പശുക്കളുടെയും കാളകളുടെയും ഏതാണ്ട് തൊണ്ണൂറ് ശതമാനത്തെയും നസ്രാണികളാക്കി മാറ്റിക്കഴിഞ്ഞു. ജേഴ്സി, ഹോഴ്സ്റ്റീൻ ഫ്രീഷൻ, ബ്രൗൺസ്വിസ് തുടങ്ങിയ സായിപ്പന്മാരുടെ സന്തതി പരമ്പരകളാണിപ്പോൾ ആർഷ ഭാരത ഭൂമിയെ മേഞ്ഞ് മുടിപ്പിച്ചുകൊണ്ടിരിക്കുന്നത് !

ഈ കലർപ്പുകളെല്ലാം ഒഴിവാക്കി പശുഭാരതം ശുദ്ധീകരിച്ചെടുക്കാനായാൽ കാർഷിക വിപ്ലവം പിന്നാലെ വരും. പട്ടിണിയും ദാരിദ്ര്യവും പഴങ്കഥയാകും. ചാതുർവർണ്യംകൂടി പുനഃസ്ഥാപിച്ചാൽ സാംസ്കാരിക പൈതൃകം പൂർണ്ണമായും വീണ്ടെടുക്കാം. വിദേശ ജനുസ്സുകളുടെ പിന്മുറക്കാരായ മുസൽമാൻമാരെയും ക്രിസ്ത്യാനികളെയും കൂട്ടക്കശാപ്പു നടത്തുന്നതിനുള്ള ഒരു കാര്യപരിപാടികൂടി നടപ്പായാൽ സർവ്വം ശുഭം! കൂട്ട വന്ധ്യംകരണം നടത്തിയോ മതം മാറ്റി ഒരു താഴ്ന്ന ജാതിയിൽ പെടുത്തി വിശ്വഹിന്ദു പരിഷത്ത് ആക്കിയോ പ്രശ്നം പരിഹരിക്കാമെന്ന് പറയുന്ന മിതവാദികൾ കുഴപ്പമാക്കുന്നില്ലെങ്കിൽ അനതിവിദൂര ഭാവിയിൽ ഒരു സർവ്വഭാരത പശുഗ്രാമം സ്ഥാപിതമാകും.

ആയതിനാൽ തനത് സ്പീഷീസുകളുടെ സംരക്ഷണത്തിനുവേണ്ടി അഹോരാത്രം പണിയെടുക്കുന്ന പരിസ്ഥിതി വാദികൾ ശൂലം, വടിവാൾ, സിന്ദൂരതിലകം, കാക്കി നിക്കർ, കാവി മുണ്ട്, രുദ്രാക്ഷം, സ്വസ്തികമാല, പിച്ചാത്തി തുടങ്ങിയവ അണിഞ്ഞ് സ്വയം സേവക സഖാക്കൾക്കൊപ്പം ഈ ജാഥയിൽ അണിനിരക്കുവിൻ! (ഹിംസയ്ക്കും അഹിംസയ്ക്കും ഒരുപോലെ പുണ്യഗ്രന്ഥമായ ഗീത കൂടി കൈയിൽ കരുതാൻ മറക്കരുത്) വിശ്വമംഗള ഗോഗ്രാമയാത്ര കീ ജയ്!

**പ്രത്യേക അറിയിപ്പ് :**

നദീവന്ദനം, ഗോഗ്രാമയാത്ര, ചാണകപൂജ, പഞ്ചഗവ്യ നൈവേദ്യം, കാളിന്ദിയുടെ കോസ്മിക നിറവ്, ഗോപികമാരുടെ പ്രണയത്തിലെ പാൽനിലാ ചന്തം, സ്വസ്തികയുടെ ജ്യാമിതീയ സൗന്ദര്യം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തി ഡോക്ടറേറ്റുകൾ നേടുന്നതിനും സന്നദ്ധസംഘടനാ ഫണ്ടുകൾ തരപ്പെടുത്തുന്നതിനും ആഗ്രഹിക്കുന്നവർക്ക് ഒരു വെബ് സൈറ്റ് തുറന്ന് നാഗ്പൂരിലെ കേന്ദ്ര ഓഫീസിൽ വിലാസം അറിയിക്കാവുന്നതാണ്.

***ഹരിതമൈത്രി***
***ആദം ബസാർ***
***അങ്കമാലി***

**വരയും വരിയും** **റഫീക്ക് അഹമ്മദ്**

